# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ജനുവരി 19

# വാർത്താക്കുറിപ്പ്

## എം.ജി. യിൽ സന്ദർശകർക്ക് കർശന നിയന്ത്രണം

കോവിഡ്-19 മഹാമാരിയുടെ വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള സന്ദർശകർക്ക് മഹാത്മാഗാന്ധി സർവ്വകലാശാല ഓഫീസുകളിലും സെക്ഷനുകളിലും കർശന നിയന്ത്രണം ഏർപ്പെടുത്തിയതായി വൈസ് ചാൻസലർ അറിയിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് അറിയിപ്പ് ലഭിച്ചിട്ടുള്ളവർക്കും വിവിധ അപേക്ഷകളിൻമേൽ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുള്ളവർക്കും മാത്രമേ ഇനി ഒരറിയിപ്പ് ഉണ്ടാകുന്നത് വരെ പ്രവേശനം അനുവദിക്കുകയുള്ളു. വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയുടെ വിവിധ ഓൺലൈൻ പോർട്ടലുകളെ സർവ്വകലാശാല ഓഫീസ് സേവനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. ഉത്തരക്കടലാസ്സുകളുടെ പുന:പരിശോധനാ സംബന്ധിയായ വിവരങ്ങൾ studentsportal.mgu.ac.in എന്ന പോർട്ടൽ മുഖേന ലഭിക്കും. വിവിധ ആവശ്യങ്ങൾക്കായുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള സേവനങ്ങൾ application.mgu.ac.in എന്ന പോർട്ടലിലും സർട്ടിഫിക്കറ്റ് സംബന്ധിച്ച സേവനങ്ങൾ certificates.mgu.ac.in എന്ന പോർട്ടലിലും ലഭിക്കും. ഓൺലൈൻ സേവനങ്ങൾ ലഭ്യമല്ലാത്ത വിഷയങ്ങളിൽ generaltapaladmn@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അപേക്ഷകൾ അയക്കാവുന്നതാണ്.

0481 - 2733505, 2733516, 2733526, 2733535, 2733550, 2733565, 2733576, 2733580, 2733626 എന്നീ ഫോൺ നമ്പറുകളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ വിവരങ്ങൾ ലഭിക്കും.

(പി.ആർ.ഒ./39/84/2022)

## ഫ്രഞ്ച് ഗവേഷണ പ്രോജക്ട് എം.ജി. നാനോ സെന്ററിന്

യൂറോപ്പിലെ ഏറ്റവും വലിയ ശാസ്ത്ര ഗവേഷണ ഏജൻസിയായ ഫ്രാൻസിലെ നാഷണൽ സെന്റർ ഫോർ സയന്റിഫിക് റിസർച്ച് (സി.എൻ.ആർ.എസ്.) മറ്റ് ഗവേഷണസ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തിവരുന്ന ഇന്റർ നാഷണൽ എമർജിംഗ് ആക്ഷൻ (ഐ.ഇ.എ.) പദ്ധതിക്ക് കീഴിൽ ഗവേഷണം നടത്തുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ഐ.ഐ.യു.സി.എൻ.എൻ.) സെന്ററിനെ തെരഞ്ഞെടുത്തു. പുതിയ ഗവേഷണ മേഖലകൾ കണ്ടെത്തുന്നതിനും ഗവേഷണരംഗത്ത് അന്താരാഷ്ട്ര സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് കീഴിൽ ശാസ്ത്രജ്ഞർക്ക് പരസ്പരം ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും അവസരമുണ്ടാകും. പദ്ധതിയിൽ പങ്കാളികളാകുന്ന ഗവേഷണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 7000 യൂറോയുടെ ധനസഹായം സി.എൻ.ആർ.എസ്. നൽകും. ഐ.ഇ.എ പദ്ധതിയിൽ പങ്കാളിത്തം നേടുന്ന സ്ഥാപനങ്ങളെ ഭാവിയിൽ കൂടുതൽ ബൃഹത്തായ ഗവേഷണ പ്രവർത്തനങ്ങൾക്ക് സി.എൻ.ആർ.എസ് പരിഗണിക്കാനും സാധ്യതയുണ്ട്.

ഗ്രീൻ മോണാക്കോ എന്ന ഐ.ഇ.എ. പദ്ധതിയിലാണ് ഡോ. റൊഡോൾഫ് അന്റോയിന്റെ നേതൃത്വത്തിലുള്ള ഫ്രഞ്ച് ഗവേഷണ സ്ഥാപനവുമായി മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ഐ.ഐ.യു.സി.എൻ.എൻ.) സഹകരിക്കാൻ തീരുമാനമായിട്ടുള്ളത്. മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും നാനോ ഗവേഷണ രംഗത്തെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസും, സർവ്വകലാശാല നാനോ സയൻസ്-നാനോ ടെക്നോളജി വിഭാഗത്തിലെ മുതിർന്ന അധ്യാപകനും ഓണററി ഡയറക്ടറുമായ പ്രൊഫ. നന്ദകുമാർ കളരിക്കലുമാണ് ഇന്ത്യയിൽ നിന്നു ഈ ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുക.

ആധുനിക മാർഗ്ഗങ്ങളിലൂടെ ഉദ്പാദിപ്പിക്കപ്പെടുന്ന നാനോ സംയുക്തങ്ങളുടെ നോബിൾ മെറ്റൽ നാനോ ഘടകങ്ങളെയും ടി.ഐ 02 വിഭാഗത്തിൽപ്പെട്ട നാനോ സൂക്ഷ്മ ഘടകങ്ങളെയും സംബന്ധിച്ച അടിസ്ഥാന പഠനങ്ങളും അവയുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള വിനിയോഗവുമാണ് ഗ്രീൻ മൊണാക്കോ പദ്ധതിക്ക് കീഴിൽ സർവ്വകലാശാലയിൽ ഗവേഷണ പഠനങ്ങൾക്ക് വിധേയമാവുക. ദ്രാവകങ്ങളുടെ ഇലക്ട്രോണിക്-ഒപ്റ്റിക്കൽ സാധ്യതകളും അവയുടെ ഘടനാപരമായ ഗുണങ്ങളും കണ്ടെത്തുന്നതിനുള്ള ഗവേഷണ പരിപാടികളാണ് അടിസ്ഥാന ഗവേഷണ പരിപാടികളിൽ ഉൾപ്പെടുന്നത്. ഊർജ്ജ സംരക്ഷണ പരിപാടികളിൽ അവയുടെ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള ഗവേഷണങ്ങൾക്ക് ലക്ഷ്യമിടുന്നതാണ് പരീക്ഷണഘട്ടത്തിലെ ഗവേഷണ പ്രവർത്തനങ്ങൾ.

നാനോ ശാസ്ത്ര - സാങ്കേതിക മേഖലകളിലെ ആധുനിക ഗവേഷണ - പഠന സാധ്യതകൾ ഏറ്റെടുത്ത് വ്യാവസായിക, സാമൂഹിക രംഗങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 2009-ൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പ്രവർത്തനമാരംഭിച്ച സെൻ്ററർ ഫോർ നാനോ സയൻസ് ആൻ്റ് നാനോ ടെക്നോളജി എന്ന സ്ഥാപനത്തെയാണ് സംസ്ഥാന സർക്കാർ ഗവേഷണ രംഗത്ത് അവർ ചുരുങ്ങിയ കാലം കൊണ്ട് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് 2013-ൽ ഇൻറർ നാഷണൽ ആൻ്റ് ഇൻ്റർ യൂണിവേഴ്സിറ്റി സെൻ്ററർ പദവിയിലേക്ക് ഉയർത്തിയത് . വൈസ് ചാൻസലർ പ്രൊഫ. സാബു തോമസാണ് സെൻററിൻ്റെ ഡയറക്ടർ.

(പി.ആർ.ഒ./39/85/2022)

## സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനിൽ 'സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഹ്യൂമൻ റൈറ്റ്സ് ആൻഡ് ഡ്യൂട്ടീസ്" കോഴ്സിലേയ്ക്ക് പ്രീഡിഗ്രി / പ്ലസ്ടു വിദ്യാഭ്യാസയോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. 120 മണിക്കൂർ ആണ് കോഴ്സ് ദൈർഘ്യം. കോഴ്സ് ഫീസ് 5200 രൂപ. താത്പര്യമുള്ളവർ എസ്.എസ്.എൽ.സി., പ്രീഡിഗ്രി / പ്ലസ്ടു സർട്ടിഫിക്കറ്റുകൾ സഹിതം ജനുവരി 31 നകം ഓൺലൈനായി 'dllhrd2022@gmailcom' എന്ന ഇ-മെയിലിൽ വിലാസത്തിൽ അപേക്ഷ അയക്കണം. വിശദവിവരങ്ങൾക്ക് ഫോൺ നം. 08301000560

(പി.ആർ.ഒ./39/86/2022)

## പരീക്ഷ തീയതി

അഞ്ചാം സെമസ്റ്റർ ബി.പി.ഇ.എസ്. (2018 അഡ്മിഷൻ - റെഗുലർ / 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 31 ന് തുടങ്ങും. പിഴയില്ലാതെ ജനുവരി 21 വരെയും 525 രൂപ പിഴയോടു കൂടി ജനുവരി 22 നും 1050 രൂപ പിഴയോടെ ജനുവരി 24 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/87/2022)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ ഒന്ന്, അഞ്ച് സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. സപ്ലിമെന്ററി പരീക്ഷകൾ മാർച്ച് മൂന്നിന് ആരംഭിക്കും.

(പി.ആർ.ഒ./39/88/2022)

## പരീക്ഷാ ഫലം

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. തമിഴ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ഫെബ്രുവരി മൂന്ന് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/89/2022)

2021 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്.ഡബ്ല്യൂ. (2007-2008 അഡ്മിഷൻ - സ്പെഷ്യൽ മേഴ്സി ചാൻസ്) അദാലത്ത് - സ്പെഷ്യൽ മേഴ്സി ചാൻസ് 2018) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ഫെബ്രുവരി മൂന്ന് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് സ്വീകരിക്കും.

(പി.ആർ.ഒ./39/90/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ